എഡ്യൂക്കേഷന്റെ കീഴിലാണ്. പക്ഷേ, ജയരാജനും മറ്റും വന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, മാനേജുമെന്റുകളെ വിളിച്ച്, അവരുടെ സമരം അവസാനിപ്പിക്കുന്നതുസംബന്ധിച്ച് ഞാൻ ശ്രീ. രാമചന്ദ്രൻ മാസ്റ്ററോട് പറഞ്ഞു. ഞങ്ങൾ അവരെ വിളിച്ചുകൂട്ടി ചില ഫോർമുലകൾ വച്ചിട്ടുണ്ട്. ചില പുരോഗതി ഉണ്ടായിട്ടുണ്ട്. നിയമപരമായിട്ടുള്ള കാര്യമെന്നു പറയുന്നത് തോമസ് കമ്മീഷൻ പ്രകാരമുള്ള ഫീസാണ് വാങ്ങേണ്ടത്. ഇതിന്റെ കാര്യം അതാണെങ്കിൽപ്പോലും വിഷമിക്കുന്ന കുട്ടികളെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സംബന്ധിച്ച് അവരുടെ കാര്യത്തിൽ ഒരു via-media കണ്ടുപിടിക്കുവാൻ പറ്റുമോ എന്നതിനെ സംബന്ധിച്ച് ഒരു ശ്രമം അനൗദ്യോഗികമായിട്ടാണെങ്കിലും നടത്തി. ഒരു കാര്യം പറഞ്ഞാൽ അതിനോട് ബന്ധപ്പെട്ട മന്ത്രി അല്ലെങ്കിൽപ്പോലും ആ ഇഷ്യൂ സെറ്റിൽ ചെയ്ക എന്നുള്ളനിലയിൽ ശ്രമംനടത്തി. അക്കാര്യത്തിൽ ചില പ്രോഗ്രസ്സും ഉണ്ടായിട്ടുണ്ട്. ഞാൻ ശ്രീ. ജയരാജനും മറ്റുമായിട്ട് സംസാരിച്ചിരുന്നു. ഒരു ധാരണ ഉണ്ടാക്കുവാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ചില തീരുമാനങ്ങൾ വരുത്താൻ കഴിയും. അവർ ഇപ്പോൾ വെള്ളിയാഴ്ച ഇതിനെപ്പറ്റി പറയാമെന്നു പറഞ്ഞിട്ടുണ്ട്. ഈ ഇഷ്യൂ തീർക്കുവാൻ ആവശ്യമായ വിധത്തിൽ പരമാവധി ചെയ്യാൻ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്യാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 424.

ആദിവാസികൾക്കായുള്ള ഭൂമി വിതരണം

*2 [424] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*

„ *വി. കെ. ചന്ദ്രൻ:*

„ *വി. കെ. സി. മമ്മത്കോയ:*

„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി വനഭൂമി വിട്ടുതരാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) സമ്മതം ലഭിച്ചിട്ടും പ്രസ്തുത ഭൂമി ആദിവാസികൾക്ക് ലഭ്യമാക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ഭൂമികളാണ് വിട്ടുതരാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷിക്ക് അനുയോജ്യവും ആദിവാസികളുടെ ജീവിത ശൈലിക്കിണങ്ങുന്നതുമായ ഭൂമിയാണോ കേന്ദ്രം അനുവദിക്കാൻ തയ്യാറായിട്ടുള്ളത്;

(ഇ) ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി സർക്കാരിന് എന്തുതുക അധിക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ബഡ്ജറ്റിൽ ഇതിനായി എന്തുതുക വകയിരുത്തിയിട്ടുണ്ട്?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)*: സർ,

(എ) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് ചില നിബന്ധനകൾക്കു വിധേയമായി വനഭൂമി വിട്ടുകിട്ടുന്നതിന് 6-2-2004-ൽ കേന്ദ്ര സർക്കാർ തത്ത്വത്തിൽ സമ്മതിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി പല വ്യവസ്ഥകൾക്കും വിധേയമായിട്ടുള്ളതാണ്. പ്രസ്തുത വ്യവസ്ഥകളിൽ ഏറ്റവും പ്രധാനപ്പെട്ടത് വനേതരാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്ന വനഭൂമിക്ക് ഹെക്ടറിന് 5.8 ലക്ഷം രൂപ മുതൽ 9.2 ലക്ഷം രൂപ വരെ നെറ്റ് പ്രസന്റ് വാല്യു നൽകണമെന്നുള്ളതാണ്. ഇത് സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടവരുത്തുമെന്നതിനാൽ പ്രസ്തുത നിബന്ധനയിൽനിന്നും സംസ്ഥാന സർക്കാരിനെ ഒഴിവാക്കുന്നതിനുവേണ്ടി സർക്കാർ ബഹു. സുപ്രീം കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ അന്തിമ തീരുമാനം ലഭിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി)

ജില്ല	*സ്ഥലം (ഹെക്ടർ)*
കാസർഗോഡ് (കണ്ണൂർ ഫോറസ്റ്റ് ഡിവിഷൻ)	37.203
കണ്ണൂർ	83.0
വയനാട് (വടക്കേ വയനാട് ഫോ. ഡിവിഷൻ)	3008.080
മലപ്പുറം (നിലമ്പൂർ ഫോ. ഡിവിഷൻ)	203.640
പാലക്കാട് (മണ്ണാർക്കാട്, പാലക്കാട് നെന്മാറ ഫോറസ്റ്റ് ഡിവിഷൻ)	4361.3027
ആകെ	7693.2257

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതെ.

(ഇ) നെറ്റ് പ്രസന്റ് വാല്യു അടയ്ക്കുന്നത് സംബന്ധിച്ച അപേക്ഷ സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ഇതു സംബന്ധിച്ച ചെലവ് കണക്കാക്കിയിട്ടില്ല. ബഡ്ജറ്റിൽ ഇതിനു പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടി കേരളത്തിലെ ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഏറെ ഉത്കണ്ഠ ഉളവാക്കുന്നതാണ്. വനഭൂമി ആദിവാസികൾക്ക് കിട്ടില്ല എന്നുള്ളതിന്റെ ഉറപ്പാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിലൂടെ ഇവിടെ വന്നിട്ടുള്ളത്. കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ഉറപ്പുലഭിച്ചിട്ട് പതിനേഴുമാസം പിന്നിട്ടു കഴിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ വനേതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്ന വനഭൂമിക്ക് ഹെക്ടറിന് 5.8 ലക്ഷം രൂപ മുതൽ 9.2 ലക്ഷം രൂപവരെ നെറ്റ് പ്രസന്റ് വാല്യൂ (NPV) നൽകണമെന്നാണ് പറയുന്നത്. ഇതിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കുവാൻ സുപ്രീംകോടതിയുടെ മുമ്പാകെ കേസ്സുണ്ട്. സുപ്രീംകോടതിയിൽ കേസ് നടക്കുന്നതുകൊണ്ട് ബഡ്ജറ്റിൽ ആ തുക വകയിരുത്തിയിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. ഇതുതന്നെയാണ് ഉത്കണ്ഠ ഉളവാക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ ആദിവാസികൾക്ക് നൽകുമെന്ന് ഉറപ്പുനൽകിയിട്ടുള്ള ഭൂമി ആദിവാസികൾക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ ഈ സാഹചര്യത്തിൽ എന്തു നടപടിയാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ഒരു ആശങ്കയും ഇക്കാര്യത്തിൽ നിലവിലില്ല. സംസ്ഥാന സർക്കാർ എൻ.പി.വി. ഒഴിവാക്കണമെന്ന് സുപ്രീംകോടതിയോട് ആവശ്യപ്പെടുകയും കേന്ദ്ര ഗവൺമെന്റ് അതിനനുകൂലമായ അഫിഡവിറ്റ് നൽകുകയും ചെയ്തതാണ്. ഈ മാസംതന്നെ അതിന്റെ വിധിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വന്നുകഴിഞ്ഞാൽ ആവശ്യമായ വനഭൂമി ലഭിക്കുകയും അത് ഉടനെതന്നെ വിതരണം ചെയ്യുകയും ചെയ്യും; അതിൽ യാതൊരു ആശങ്കയും വേണ്ട.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇവിടെ ഗവൺമെന്റ് ഏറ്റെടുത്ത് വിതരണം ചെയ്ത ഭൂമിയിൽ ആദിവാസികൾക്ക് താമസിക്കുന്നതിനുള്ള വീടുകളുടെ നിർമ്മാണം ഇപ്പോഴും പൂർണ്ണമായിക്കഴിഞ്ഞിട്ടില്ല. വീടില്ലാത്ത എത്രയോ ആളുകൾ ഇപ്പോഴും ഭൂമിക്ക് ഉടമകളായി നിൽക്കുകയാണ്. അവർക്ക് വീട് വച്ചുനൽകുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിനെ സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആദിവാസി വീടുകളിൽ വലിയതോതിലുള്ള പട്ടിണിയാണ്, ഇപ്പോൾ കനത്ത മഴകൂടി വന്നതുകാരണം അവർക്ക് വനത്തിൽപ്പോയി

LIBRARY ARCHIVES Kerala Legislative Assembly

വനവിഭവങ്ങൾ ഒന്നും ശേഖരിക്കാൻ കഴിയുന്നില്ല. അവർക്ക് സഹായങ്ങൾ അനുവദിക്കുന്നതിനുള്ള ബഡ്ജറ്റ് അലോട്ടുമെന്റെല്ലാം ഓരോ സന്ദർഭങ്ങളിലും നഷ്ടപ്പെട്ടു പോകുകയാണ് ചെയ്യുന്നത്. ഈ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ആദിവാസി കുടുംബങ്ങൾക്ക് സംരക്ഷണം നൽകാൻ, അവർക്ക് സൗജന്യറേഷൻ നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് അവരെ സംരക്ഷിക്കാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, നമ്മൾ ഇതുവരെ 3253 ആദിവാസി കുടുംബങ്ങൾക്കാണ് ഭൂമി നൽകിയിട്ടുള്ളത്. നൽകിയ ഭൂമിയിൽ ഏതാണ്ട് പകുതിയോളം പേർക്കും വീടുവയ്ക്കുവാനാവശ്യമായ പണവും അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. വിടുപണി പുരോഗമിച്ചുവരികയാണ് അതോടൊപ്പം അദ്ദേഹം ഇവിടെ സൂചിപ്പിച്ച സൗജന്യ റേഷന്റെ കാര്യം, എല്ലാ വർഷങ്ങളിലും പഞ്ഞ മാസങ്ങളിലാണ് സൗജന്യറേഷൻ അനുവദിക്കാറുള്ളത്. ഈ വർഷവും അത് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. എവിടെയെങ്കിലും കിട്ടാതെ വരികയാണെങ്കിൽ, അക്കാര്യം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് നൽകുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഇവിടെ ആദിവാസികൾക്കായി നൽകിയ ഭൂമി വീതിച്ച് കൊടുക്കുകയും അവർക്ക് പട്ടയം കൊടുക്കുകയും ചെയ്തു. ഈ ഭൂമി കൈവശം വയ്ക്കുന്നതിനുവേണ്ടി ആദിവാസികൾ ചെന്നപ്പോൾ ചിലയാളുകൾ ഈ ഭൂമി കയ്യേറുകയും ആദിവാസികളെ ഭീഷണിപ്പെടുത്തി വധിക്കുമെന്ന് പറയുകയും, ഇനിയൊരിക്കലും ഈ ഭൂമിയിലേക്ക് തിരിച്ചുവരില്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം അവർ ഈ ആദിവാസികളെ വിട്ടയയ്ക്കുകയും ചെയ്തതായി പത്രങ്ങളിലൂടെ വാർത്തകൾ വന്നിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ ഈ ഭൂമി കയ്യേറ്റക്കാരിൽനിന്നും ഭൂമി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് നൽകാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച സംഭവം എവിടെയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ഈ സംഭവം നടന്നത് എവിടെ എന്ന് സൂചിപ്പിക്കുകയാണെങ്കിൽ തീർച്ചയായും അതിന് നടപടിയുണ്ടാകും. അഥവാ അത്തരത്തിലുള്ള എൻക്രോച്ച്മെന്റ് എവിടെയെങ്കിലും ഉണ്ടെങ്കിൽ അവരെ ഒഴിവാക്കിക്കൊണ്ട് യഥാർത്ഥത്തിൽ ആദിവാസികൾക്ക് അനുവദിച്ച ഭൂമി ആദിവാസികൾക്കുതന്നെ കിട്ടത്തക്കവിധമുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഇവിടെ കേന്ദ്രഗവൺമെന്റിന്റെ അനുവാദത്തിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് കാത്തിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

മതികെട്ടാൻ മലയോടുചേർന്ന് ചിന്നത്തറ വില്ലേജിൽ ചിങ്കുകണ്ടത്തും ആനയറയ്ക്കലുമായി 1200 ഏക്കർ റവന്യൂഭൂമി ഗവൺമെന്റിന്റേതായിട്ടുണ്ട്. ഇതിൽനിന്ന് കുറച്ചുഭൂമി ആദിവാസികൾക്ക് കൊടുത്തിട്ടുണ്ട്. ബാക്കി ഭൂമി കയ്യേറ്റക്കാരുടെ കൈയിലാണ്, അവർ ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച് വ്യാജപട്ടയം നിർമ്മിച്ച് നൽകുകയാണ്. ഇങ്ങനെ ഏക്കർ കണക്കിന് ഭൂമി കയ്യേറ്റക്കാർ കൈവശം വച്ചിരിക്കുകയാണ്. ഇവിടെ ഗവൺമെന്റ് പറയുന്നത് ഭൂമി ഇല്ലെന്നാണ്. ഈ റവന്യൂഭൂമി കൃത്യമായി കണ്ടെത്തി കയ്യേറ്റക്കാരിൽനിന്ന് ഒഴിപ്പിച്ച് പാവപ്പെട്ട ആദിവാസികൾക്ക് വീതിച്ചുനൽകാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, നിലവിൽ ഏതാണ്ട് അയ്യായിരത്തോളം കുടുംബങ്ങൾക്ക് നൽകുവാനുള്ള ഭൂമി നമ്മുടെ കൈവശമുണ്ട്. ബാക്കിയുള്ളവർക്ക് കൊടുക്കാൻവേണ്ടി നമ്മൾ കേന്ദ്രത്തിൽ വനഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്. തർക്കഭൂമി മാത്രം കണ്ടെത്തി കൊടുത്ത് ആദിവാസികൾക്ക് അവിടെ താമസിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുപകരം തർക്കമില്ലാത്ത നല്ല ഭൂമിതന്നെ കൊടുക്കുന്ന കാര്യത്തെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഇവിടെ ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ ചോദിച്ച ചോദ്യത്തിന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ആശങ്കയ്ക്കിടയില്ല എന്നു പറഞ്ഞുവെങ്കിലും ബഹുമാനപ്പെട്ട മന്ത്രി തന്ന മറുപടിയിൽനിന്ന് ആദിവാസികൾക്ക് ഈ ഭൂമി കിട്ടാൻ പോകുന്നില്ല എന്നാണ് വ്യക്തമാകുന്നത്. 'കോൽകളി' കളിച്ചതൊക്കെ മിച്ചം എന്നുള്ളതാണ് സ്ഥിതി. ആദിവാസികൾക്ക് അഞ്ചേക്കർ നൽകുമെന്ന വാഗ്ദാനം പാലിക്കാത്തതിനെതിരെ ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ നടന്ന സമരം ഒത്തുതീർപ്പാക്കിക്കൊണ്ട് ഒപ്പുവച്ച വ്യവസ്ഥകളിൽ ആദിവാസികൾക്ക് ഏത് തീയതിക്കകം ഭൂമി നൽകുമെന്നാണ് പ്രഖ്യാപിച്ചത് എന്ന് പറയാമോ? അതുപോലെ ഭൂമി വിതരണത്തിനായി 2001 നവംബർ 9-ാം തീയതി സർക്കാർ രൂപവൽക്കരിച്ച ആദിവാസി പുനരധിവാസ മിഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? കഴിഞ്ഞ മൂന്നുവർഷത്തെ മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ടെങ്കിലും വാങ്ങി സഭയിൽ സമർപ്പിക്കുമോ? യഥാർത്ഥത്തിൽ മിഷന്റെ ഓഫീസുപോലും പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, വളരെ നല്ലരീതിയിൽത്തന്നെ ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ഇന്ന് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ലാഘവത്തോടെ കാണേണ്ട കാര്യമല്ല. കഴിഞ്ഞ ഗവൺമെന്റ് എടുത്ത ഒരു തീരുമാനം കൊണ്ട് ഇതിനകം 3253-ഓളം ഭൂമിയില്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞു, കഴിഞ്ഞ 50 വർഷക്കാലത്തിനിടയ്ക്ക് നടന്ന ആദ്യത്തെ സംഭവമാണിത്. അതോടൊപ്പം അയ്യായിരത്തോളം പേർക്ക് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുവാനുള്ള നടപടിയും നമ്മൾ എടുത്തുകഴിഞ്ഞു. വളരെ പെട്ടെന്നുതന്നെ അത് കൊടുക്കാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റ്, ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് എടുത്ത, കേരളത്തിലെ സാമൂഹ്യരംഗത്ത് ഏറ്റവും വിപ്ലവകരമായ മാറ്റം ഉണ്ടാക്കിയ ആ തീരുമാനത്തെ ഇത്ര ലാഘവത്തോടെ കണ്ടത് ശരിയായില്ല.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ അങ്ങനെ കണ്ടതല്ല, സുപ്രീം കോടതിയിൽ കേസ് കൊടുത്തിരിക്കുന്നു എന്നുപറഞ്ഞു. സുപ്രീം കോടതിയിൽ പോയാലുള്ള അവസ്ഥ നമുക്കറിയാമല്ലോ, അതുകൊണ്ട് പറഞ്ഞതാണ്. ആദിവാസികളുടെ കൈവശമുള്ള ഇപ്പോഴത്തെ ഭൂപ്രദേശങ്ങൾ, പുതുതായി പതിച്ചുകൊടുത്ത ഭൂപ്രദേശങ്ങൾ ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കുമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും എന്ന് ആദിവാസി സംഘടനകളുമായുള്ള ഒത്തുതീർപ്പ് ചർച്ചയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇങ്ങനെ ഒരാവശ്യം കേന്ദ്രത്തിനുമുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അപ്രകാരം ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിച്ചിട്ടുണ്ടോ, ഏതെല്ലാം പ്രദേശങ്ങളാണ് അങ്ങനെ പ്രഖ്യാപിച്ചത്?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇന്ന് നമുക്ക് വിട്ടുകിട്ടിയ ഭൂമി ആദിവാസികൾക്കു നൽകിയപ്പോൾ ആ ഭൂമി അവരുടെ ആവശ്യത്തിന് ഉപയോഗിക്കാമെന്നല്ലാതെ കൈമാറ്റം ചെയ്യാൻപാടില്ല എന്ന വ്യവസ്ഥ മാത്രമേ വച്ചിരുന്നുള്ളൂ. കൈമാറ്റംചെയ്യുന്നത് പാരമ്പര്യമായിട്ട് അവരുടെ കുട്ടികൾക്ക് എന്ന രീതിക്ക് അപ്പുറത്തേക്ക് പോകാൻ പാടില്ല. ഷെഡ്യൂൾഡ് വനഭൂമി വിട്ടുകിട്ടിയതിനു ശേഷം മാത്രമേ അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയൂ.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, സംസ്ഥാനത്ത് ഭൂരഹിതരായ 22,052 ആദിവാസി കുടുംബങ്ങൾ ഉണ്ടെന്നാണ് സർക്കാർതന്നെ പറഞ്ഞിട്ടുള്ള കണക്ക്. അതിൽ മഹാഭൂരിപക്ഷത്തിനും ഭൂമി കൊടുക്കാനാവശ്യമായ നടപടികൾ ഇനിയും ഒരു തലത്തിലും എത്തിയിട്ടില്ല. കണ്ണൂർ ജില്ലയിൽ 7500-ഓളം ഏക്കർ ഭൂമിയുള്ള ആറളം ഫാമിന്റെ പകുതി ഏകദേശം 3750 ഏക്കർ ഭൂമി ആദിവാസികൾക്ക് പതിച്ചുകൊടുക്കാം എന്ന് നിശ്ചയിച്ചതാണ്. ആ ഭൂമി ആദിവാസി കുടുംബങ്ങൾക്ക് പതിച്ചുകൊടുക്കുന്നതിനുള്ള നടപടികൾപോലും പൂർത്തിയായിട്ടില്ല. ഈ ആദിവാസി കുടുംബങ്ങളെല്ലാം പണിയെടുക്കുന്നത് ആറളം ഫാമിൽ തന്നെയാണ്. ആ ഫാം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കമ്പനി രജിസ്റ്റർ ചെയ്യും എന്നും സർക്കാർ പറഞ്ഞിരുന്നു. ഈ രണ്ടു നടപടികളും ഒരു ഘട്ടത്തിലും എത്തിയിട്ടില്ല എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അടിയന്തിരമായി ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: സർ, ആറളം ഫാം ഏതാണ്ട് 7500 ഏക്കർ വരും. 42 കോടി രൂപ നൽകിയിട്ടാണ് സംസ്ഥാന ഗവൺമെന്റ് ആറളം ഫാം വാങ്ങിയത്. അതിൽ 3750 ഏക്കർ ഫാം ആയി നിലനിർത്തുകയും ബാക്കി 3750 ഏക്കർ നമ്മൾ ആദിവാസികൾക്കു നൽകുവാനുമുള്ള തീരുമാനം എടുക്കുകയും അതിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുകയുമാണ്. എന്നാൽ നടപടിക്രമങ്ങൾ ഇത്രയും വൈകിയതിന്റെ ഉത്തരവാദിത്വം എല്ലാവർക്കും ഉണ്ട്. അവിടെയുള്ള തൊഴിലാളി സംഘടനകൾ ഉൾപ്പെടെയുള്ള ആളുകൾ നടത്തിയ സമരങ്ങളുംമറ്റും കൊണ്ടാണ് നടപടികളെ ഇത്രയും ദീർഘിപ്പിച്ചുകൊണ്ടുപോയത്. പക്ഷേ, ഇപ്പോൾ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ഉടൻതന്നെ ഭൂമി വിതരണം ചെയ്യാനുള്ള രീതിയിലേക്ക് സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. എത്രയുംപെട്ടെന്ന് 3750 ഏക്കർ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ദാരുണമായ മുത്തങ്ങ സംഭവത്തിനുശേഷം വയനാട്ടിൽ ആദിവാസി വികസനത്തിനുവേണ്ടി ഒരു വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് Indian Institute of Management-നെ ചുമതലപ്പെടുത്തി, 30 ലക്ഷം രൂപ അവർക്ക് മുൻകൂറായി നൽകുകയും ചെയ്തു. ആ 30 ലക്ഷം രൂപ ഉപയോഗിച്ച് അവർ ഈ കഴിഞ്ഞ ഒന്നരക്കൊല്ലമായി നടത്തിയ പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ പാക്കേജ് എന്താണ്, അതിനകത്ത് ഭൂമി കൊടുക്കാനാവശ്യമായ വല്ല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? ഇതിന്റെ ഏതെങ്കിലും നേട്ടം ആദിവാസികൾക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, വയനാട്ടിൽ പുതുതായിട്ട് ഏതാണ്ട് 700 ഏക്കർ ഭൂമി നമ്മൾ കണ്ടെത്തിയിട്ടുണ്ട്. അത് ഉടൻ വിതരണം ചെയ്യാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇങ്ങനെ വിതരണം ചെയ്യാൻ തന്ന ഭൂമികളിൽ ഓരോ ആദിവാസി കുടുംബത്തിനും, രണ്ട് ലക്ഷം രൂപവീതം എന്നുള്ള രീതിയിൽ– 75,000 രൂപ വീട് വയ്ക്കുന്നതിനും, ഒന്നേകാൽ ലക്ഷം രൂപ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും എന്നുള്ള നിലയ്ക്ക്–രണ്ടു ലക്ഷം രൂപ ഓരോ ആദിവാസി കുടുംബത്തിനും നൽകുക എന്നുള്ള ഒരു പദ്ധതിയാണ് നമ്മൾ നടപ്പിലാക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചു, 3253 കുടുംബങ്ങൾക്ക് ഭൂമികൊടുത്തതിൽ ഏതാണ്ട് 1600-ഓളം കുടുംബങ്ങൾക്ക് നമ്മൾ വീട് നൽകിക്കഴിഞ്ഞു. മറ്റ് അടിസ്ഥാന സൗകര്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മൾ ഏർപ്പെടുത്തുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly